(ബി) ഈ സംഭവത്തിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച എഫ്.ഐ.ആർ.-ന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) സ്ത്രീയുടെ നേരെയുള്ള അതിക്രമം സംബന്ധിച്ച വകുപ്പുകൾ ഈ കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; സംഭവം നടക്കുമ്പോൾ ബുത്തിൽ പോലീസ് സാന്നിദ്ധ്യം ഉണ്ടായിരുന്നോ; എങ്കിൽ തത്സമയം പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) യഥാർത്ഥ പ്രതികളെ ഒഴിവാക്കാൻ ആദ്യഘട്ടത്തിൽ ശ്രമം നടന്നിട്ടുണ്ടോ;

(ഇ) അന്വേഷണത്തിനുശേഷം കൂടുതൽ പ്രതികളെ ഉൾപ്പെടുത്തി എഫ്.ഐ.ആർ.-ൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) സംഭവസമയത്തെ വീഡിയോ റെക്കോർഡിംഗ് നടത്തിയതാരാണ്; വീഡിയോയിലെ ദൃശ്യങ്ങളിൽ കൃത്രിമം നടത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ദേഹോപദ്രവത്തെത്തുടർന്നുണ്ടാകുന്ന കേസുകളിൽ നടപടി സ്വീകരിക്കാൻ പോലീസ് തയ്യാറാകാത്ത സംഭവം

45 (334) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാറശ്ശാല താലൂക്ക് ആശുപത്രിയിൽനിന്നും ദേഹോപദ്രവത്തെ തുടർന്ന് ചികിത്സയ്ക്കായി വരുന്ന കേസ്സുകൾ സംബന്ധിച്ച് ഡോക്ടർമാർ നൽകുന്ന ഇന്റിമേഷനുകൾ 1-8-2011 മുതൽ നാളിതുവരെ എത്രയെണ്ണം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസ്സുകളാണ് മൊഴി രേഖപ്പെടുത്തി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തത്; അറിയിപ്പ് ലഭിച്ച മുൻഗണനാ ക്രമത്തിലാണോ കേസ്സ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പരാതിയോ ആശുപത്രിയിൽനിന്നും ഇന്റിമേഷനോ ലഭിച്ചശേഷവും പോലീസ് പ്രതികൾക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നത് അന്വേഷിക്കാൻ തയ്യാറാകുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ കുറ്റക്കാർ ആരാണെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) ലഭ്യമായ പരാതികളും ഇന്റിമേഷനും യഥാക്രമം ജി.ഡി.-യിൽ ചേർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച വിശദമായ പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly